## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3630 — 11.11.2019- ൽ മറുപടിക്ക്

## റീബിൽഡ് കേരള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | റീ-ബിൽഡ് കേരള പദ്ധതിയിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിൽ ഏത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 818.87 കി.മീ ദൈർഘ്യം വരുന്ന, പൊതുമരാമത്ത് വകുപ്പിനു കീഴിലെ 31 റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.ഇതു കൂടാതെ, പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നീ 8 ജില്ലകളിൽ നിന്നായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള 603.74 കി.മീ റോഡുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ജലവിതരണവുമായി ബന്ധപ്പെട്ട് നിലവിൽ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് 182.20 കോടി രൂപ അനുവദിക്കുന്നതിന് ഉന്നതാധികാര സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിന് കീഴിൽ വിവിധ ഡാമുകൾ, റെഗുലേറ്ററുകൾ, കനാലുകൾ, ജലസേചന പദ്ധതികൾ എന്നിവയുടെ പ്രളയാനന്തര അറ്റകുറ്റപ്പണികൾക്കായി 107.10 കോടി രൂപയും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ ക്കായി 20 കോടി രൂപയും അനുവദിക്കാൻ ഉന്നതാധികാര സമിതി |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്.<br><br>ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട്, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് സമർപ്പിച്ച, 53.5 കോടി രൂപ ആകെ ചെലവ് വരുന്ന 6 പദ്ധതികൾക്കും ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇനത്തിൽ പാലക്കാട് ജില്ലയിൽ ഇതിനകം എത്ര കോടി രൂപയുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയെന്ന് അറിയിക്കാമോ? | (ബി) | റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ, റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ പാലക്കാട് ജില്ലയിൽ നിന്നും പാലക്കാട് -പെരിന്തൽമണ്ണ റോഡ് (36.80 KM), താവളം-മുള്ളി റോഡ് (28.80 KM), നെന്മാറ-നെല്ലിയാമ്പതി റോഡ് (30.71 KM) ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള റോഡുകളിൽ, പാലക്കാട് ജില്ലയിൽ നിന്നും 13.462 KM ദൈർഘ്യമുള്ള 3 റോഡുകളും റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ